**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2628. 18.06.2014-ലെ മറുപടിയ്ക്ക്

**കാലടി - മലയാറ്റൂർ - അതിരപ്പിള്ളി ടൂറിസം സർക്യൂട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജോസ് തെറ്റയിൽ | | **ശ്രീ.എ.പി.അനിൽകുമാർ** (ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| (എ) | കാലടി- മലയാറ്റൂർ - അതിരപ്പിള്ളി ടൂറിസം സർക്യൂട്ടിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കുമോ; | (എ) | കാലടി - മലയാറ്റൂർ - ആതിരപ്പിള്ളി ടൂറിസം സർക്യൂട്ടിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ടെക്നിക്കൽ പ്രസന്റേഷൻ നടത്തി ഷോർട്ട് ലിസ്റ്റ് ചെയ്ത ഏജൻസികളിൽ നിന്നും യോഗ്യത നേടിയവരുടെ ഫിനാൻഷ്യൽ ബിഡ് തുറന്നശേഷം ഏജൻസിയെ തീരുമാനിക്കുന്നതിനുള്ള നടപടിയാണ് പൂർത്തീകരിക്കാനുള്ളത്. ഏജൻസിയെ തീരുമാനിച്ചു കഴിഞ്ഞാൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ തുടങ്ങുവാൻ കഴിയും |
| (ബി) | പ്രസ്തുത ടൂറിസം സർക്യൂട്ടിന്റെ പ്രാധാന്യം കണക്കിലെടുത്തും ഈ മേഖലയിലെ വികസനത്തിനായി അനുവദിച്ചിട്ടുള്ള തുകയുടെ പ്രവൃത്തികൾ അടിയന്തരമായും സമയബന്ധിതമായും പൂർത്തിയാക്കേണ്ടതായിട്ടുള്ളതിനാലും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (ബി) | പ്രസ്തുത ടൂറിസം സർക്യൂട്ടിന്റെ പ്രാധാന്യം കണക്കിലെടുത്ത് ദേശീയതലത്തിൽ കോമ്പറ്റിറ്റീവ് ബിഡിംഗിലൂടെ തെരഞ്ഞെടുക്കുന്ന ഏജൻസിയെ കൊണ്ട് തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്ന മാസ്റ്റർ പ്ലാനിന്റെ സെലക്ഷൻ പ്രോസസ് അന്തിമഘട്ടത്തിലായതിനാൽ നടപടിക്രമങ്ങൾ ലഘുകരിക്കുവാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത 18.06.2014 ലെ മറുപടിക്ക്

ചോദ്യം നം 2631

**തൃശ്ശൂർ പൂരത്തോടനുബന്ധിച്ച് '24 അമ്പലം തൊഴൽ' എന്ന ടൂറിസം പാക്കേജ് പദ്ധതി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. പ്രൊഫ. സി. രവീന്ദ്രനാഥ് | **ശ്രീ. എ.പി.അനിൽകുമാർ (ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| തൃശ്ശൂർ പൂരത്തോടനുബന്ധിച്ച് 24 അമ്പലങ്ങളെ ബന്ധിപ്പിച്ചു - കൊണ്ട് '24 അമ്പലം തൊഴൽ' എന്ന ടൂറിസം പാക്കേജ് പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ? | പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**